Circular: 4/Gen-OVBS /2022

# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004

Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com

## ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ

### OVBS 2022

ബഹു. വൈദിക ശ്രേഷ്ഠരേ, പ്രിയപ്പെട്ട അധ്യാപകരേ,

കഴിഞ്ഞ രണ്ടു വർഷമായി കോവിഡിന്റെ നിയന്ത്രണങ്ങൾ മൂലം ഒ.വി.ബി.എസ്. പൂർണമായ രീതിയിൽ നമുക്കു നടത്തുവാൻ സാധിച്ചില്ല. എന്നാൽ ഈ വർഷം ദൈവം അനുവദിച്ചാൽ OVBS പൂർണമായി നടത്തുവാൻ സാഹചര്യം അനുകൂലമാകും എന്നു പ്രതീക്ഷിക്കുന്നു. സൺഡേസ്കൂൾ പ്രവർത്തകരും ഭാരവാഹികളും OVBS ന്റെ വിജയപ്രദമായ നടത്തിപ്പിനായി പ്രത്യേകം ഉത്സാഹിക്കണം. എല്ലാ യൂണിറ്റുകളിലും OVBS സൂപ്രണ്ടുമാരെയും കൺവീനർമാരെയും എത്രയും പെട്ടെന്നു തെരഞ്ഞെടുത്തു പ്രവർത്തനങ്ങൾ ആരംഭിക്കണം.

### 2022 ലെ ചിന്താവിഷയം

ഈ കാലഘട്ടത്തിൽ കുട്ടികളും മാതാപിതാക്കളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ചാണ് ഈ വർഷത്തെ **യേശു സൗഖ്യമാക്കുന്നു (Jesus Heals)** എന്ന ചിന്താവിഷയം വി. ലൂക്കോസ് 4:40 അടിസ്ഥാനമാക്കി തെരഞ്ഞെടുത്തിരിക്കുന്നത്.

യേശു സൗഖ്യമാക്കുന്നു (വി. ലൂക്കോസ് 4:40) എന്ന ചിന്താവിഷയവുമായി ബന്ധപ്പെട്ട് ആറു ഉപവിഷയങ്ങളാണ്, ആറു ദിവസം എല്ലാ ക്ലാസ്സിലും കുട്ടികൾ പഠിക്കുന്നത്. ധ്യാന സമയത്തെ ചിന്തകളും അതേ വിഷയങ്ങളെ ആസ്പദമാക്കിയാണ്.

### OVBS Registration (Fee Rs. 100/-)

മുൻ വർഷങ്ങളിൽ സംഭവിച്ചതുപോലെ വളരെയധികം പുസ്തകങ്ങൾ ചെലവാകാതെ നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനാണ് ഈ വർഷം കുട്ടികൾ നേരത്തെതന്നെ പേരുകൾ രജിസ്റ്റർ ചെയ്യുവാൻ ക്രമീകരണങ്ങൾ ചെയ്തത്. ബഹു. വികാരിമാരും ഹെഡ്മാസ്റ്റർമാരും ഈ കാര്യത്തിൽ ഉത്സാഹിക്കണം. **2022 മാർച്ച് 13-ാം** തീയതി വരെയാണ് പേരുകൾ രജിസ്റ്റർ ചെയ്യുവാൻ സൗകര്യം ലഭിക്കുക. ഹെഡ്മാസ്റ്റർമാർക്ക് ഒരു യൂണിറ്റിലെ എല്ലാ വിദ്യാർത്ഥികളുടെയും പേരുകൾ ഒരുമിച്ചു രജിസ്റ്റർ ചെയ്യുവാനും സൗകര്യം ചെയ്തിട്ടുണ്ട്. യൂണിറ്റുകളിലെ IT കോ ഓർഡിനേറ്റർമാർ ഹെഡ്മാസ്റ്റർമാരുമായി സഹകരിച്ച് രജിസ്ട്രേഷൻ പൂർണമാക്കണം. കുട്ടികളുടെ എണ്ണം ലഭിച്ചതിനുശേഷമാണ് നമുക്കു പുസ്തകങ്ങളുടെ അച്ചടിയിലേക്കു പ്രവേശിക്കേണ്ടത്.

### OVBS എന്നു തുടങ്ങാം?

വിവിധ പരീക്ഷകളുടെ അസന്നിഗ്ദ്ധാവസ്ഥ കാരണം ഒരു നിശ്ചിത തീയതി പ്രഖ്യാപിക്കുവാൻ ബുദ്ധിമുട്ടുണ്ട്. യൂണിറ്റുകൾക്കു സൗകര്യപ്രദമായ രീതിയിൽ തീയതി നിശ്ചയിക്കാവുന്നതാണ്. എന്നാൽ CBSE പരീക്ഷ ഉൾപ്പെടെ തീർന്നശേഷം മെയ് 1 മുതൽ നടത്തുന്നതായിരിക്കും അഭികാമ്യം. മുൻവർഷങ്ങളിലെപ്പോലെ ആറു ദിവസത്തെ ക്ലാസ്സും ഉദ്ഘാടനവും സമാപനവും ഉൾപ്പെടെ എട്ടു ദിവസങ്ങളിലേക്കാണ് ഈ വർഷവും ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്.

### OVBS Materials

എല്ലാ കുട്ടികൾക്കും കോഴ്സ് ബുക്ക്, സോങ് ബുക്ക്, ബാഡ്ജ്, സർട്ടിഫിക്കേറ്റ് എന്നിവ ഉണ്ടായിരിക്കും. ജൂണിയർ വിഭാഗം കുട്ടികൾക്ക് (Seeds, buds, Roots) മനഃപാഠവാക്യം സമ്മാനമായി Crown തയ്യാറാക്കിയിട്ടുണ്ട്. മുതിർന്ന കുട്ടികൾക്ക് മനഃപാഠവാക്യ സമ്മാനമായി

ധ്യാനസഹായിയാണ് നൽകുന്നത്. അവർ കേട്ട ധ്യാനവിഷയങ്ങൾ അവർക്കും മാതാപിതാക്കൾക്കും ലഭ്യമാകുവാനാണ് ഈ ക്രമീകരണം ചെയ്തിരിക്കുന്നത്. കൃത്യമായി എല്ലാ ദിവസവും സംബന്ധിക്കുന്ന കുട്ടികൾക്ക് യൂണിറ്റ്തലത്തിൽ മറ്റു സമ്മാനങ്ങൾ ക്രമീകരിക്കാവുന്നതാണ്.

Source Book വേറെ ഇല്ലാത്തതിനാൽ അധ്യാപകർക്കും ഈ മെറ്റീരിയൽസ് തന്നെ ലഭ്യമാക്കണം.

### OVBS വീഡിയോകൾ

ഓരോ ദിവസത്തെയും ഉപവിഷയങ്ങൾക്ക് ഉപോൽബലമായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന വീഡിയോകൾ ക്രമീകരിച്ചിട്ടുള്ളത് YouTube ൽ ലഭ്യമാകുന്നതാണ്. അവ യൂണിറ്റുകൾ പ്രയോജനപ്പെടുത്തണം. Laptop, Projector, Mobile Phone എന്നിവ ഇതിനായി ഉപയോഗിക്കാം.

### ഗാനങ്ങൾ

ഇരുപത്തിഎട്ടു പാട്ടുകളാണ് പാട്ടുപുസ്തകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഭി. പ്രസിഡന്റ് തിരുമേനിയുടെ പ്രത്യേക നിർദ്ദേശപ്രകാരം രണ്ട് ആരാധനാ ഗീതങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സമയപരിമിതിമൂലം എല്ലാ പാട്ടുകളും പഠിപ്പിക്കുവാൻ സാധിച്ചില്ല എങ്കിലും നവ മാധ്യമങ്ങളിൽകൂടി കുട്ടികൾക്ക് അവ ലഭ്യമാക്കുകയും പഠിക്കുവാൻ ഉത്സാഹിപ്പിക്കുകയും വേണം.

### OVBS Manual

OVBS Manual എല്ലാ യൂണിറ്റുകളിലും ഉണ്ടാകണം. സമയക്രമീകരണങ്ങളും മറ്റു പ്രവർത്തനങ്ങളും അതനുസരിച്ച് ക്രമീകരിക്കണം. കോവിഡ് പശ്ചാത്തലത്തിൽ മാനസിക സമ്മർദ്ദം വളരെയധികം അനുഭവിക്കുന്ന വിദ്യാർത്ഥികളാണ് നമ്മുടെ മുമ്പിലുള്ളത്. അതിനാൽ അതനുസരിച്ച് അവരോട് ഇടപെടാനും സമ്മർദ്ദങ്ങളെ അതിജീവിക്കുവാൻ ഉതകുന്ന ക്ലാസ്സുകളും പ്രവർത്തനങ്ങളും അവർക്കു ലഭ്യമാക്കുവാനും ശ്രദ്ധിക്കണം.

### Covid Protocol

ഈ വർഷത്തെ സാഹചര്യത്തിൽ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടു ചെയ്യാവുന്ന പരിപാടികൾ മാത്രം ക്രമീകരിക്കുവാൻ യൂണിറ്റുകൾ ശ്രദ്ധിക്കുമല്ലോ. തുടക്കംമുതൽതന്നെ എല്ലാ കാര്യങ്ങളും ബഹു. വികാരിമാരുമായി ആലോചിച്ചു ചെയ്യുവാൻ മറക്കരുത്.

എന്തു പ്രവർത്തനങ്ങൾ ചെയ്യുമ്പോഴും 'സൗഖ്യമാക്കുവാൻ കഴിവുള്ള നമ്മുടെ കർത്താവായ യേശുക്രിസ്തു സജീവമായി നമുക്കൊപ്പമുണ്ട്' എന്ന പൂർണ വിശ്വാസം കുട്ടികൾക്കു നൽകുവാൻ എല്ലാ പ്രവർത്തകരും പ്രത്യേകം ശ്രദ്ധിക്കണം.

ഇതിനായി എല്ലാ OVBS പ്രവർത്തകരെയും പ്രിയപ്പെട്ട കുഞ്ഞുങ്ങളെയും ദൈവത്തിന്റെ പരിശുദ്ധാത്മാവ് നയിക്കട്ടെ.

7-3-2022

**ഡോ. വർഗീസ് വർഗീസച്ചൻ**
ഡയറക്ടർ ജനറൽ, OSSAE

## MATERIALS COST

| Materials | Rs. | Materials | Rs. |
|---|---|---|---|
| Source Book | 50 | Badge | 5 |
| Song Book | 20 | Certificate | 3 |
| Devotional Guide | 25 | Crown & Sticker | 15 |